## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2864 28.01.2014-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി - ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടു - ണ്ടെങ്കിൽ വിശദമാക്കുമോ : ഉത്തരവിലെ വിശദാംശങ്ങളെന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (എ) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) മലയാളം മാതൃ ഭാഷയല്ലാത്ത കുട്ടികൾക്ക് മലയാളം ഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. പ്രകാരം കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃ ഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃ ഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതായും എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്കു പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഒരുക്കുന്നതുമായാണ് ഉത്തരവായിരി- ക്കുന്നത്. കൂടാതെ ടി ഉത്തരവനുസരിച്ച് |

(...............2)

സംസ്ഥാനത്തെ അറബിക്, സംസ്കൃതം ഓറിയന്റൽ സ്ക്കൂളുകളിൽ ഒന്നാം ഭാഷ പാർട്ട് 2 ലെ പേപ്പർ 1 എന്നുള്ളത് അറബി/ സംസ്കൃതം എന്നും പേപ്പർ 2 എന്നുള്ളത് മലയാളവുമായിരിക്കണ മെന്നുമാണ്. ഈ രീതിയിൽ വരുമ്പോൾ വിവരസാങ്കേതിക വിദ്യ ഉൾപ്പെടെ 11 വിഷയങ്ങൾ കുട്ടികൾക്ക് പഠിക്കേണ്ട-തായി വന്നിരുന്നു. ആയത് സർക്കാർ പുന:പരിശോധിക്കുകയും 18.10.13 -ലെ 42043/എസ്1/13/പൊ.വി. കത്ത് പ്രകാരം ഓറിയന്റൽ സ്ക്കൂളുകളിൽ ഒന്നാം ഭാഷയുടെ ഒന്നാം പേപ്പർ സംസ്കൃതം/അറബി, രണ്ടാം പേപ്പർ പൂർണ്ണമായും മലയാളവും പഠിപ്പിക്കുന്ന -തിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിനായി സ്ക്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) 01.09.2011-ലെ സ:ഉ(പി) നം.183/2011/പൊ.വി. ഉത്തരവിലെ ഖണ്ഡിക 12 പ്രകാരം മലയാളം കൂടുതൽ ഫലപ്രദമായി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ട് എന്നതിനുപകരം മൂന്ന് പീരീഡുകൾ നീക്കിവയ്ക്കുവാനും ഇതിനായി ചൊവ്വാഴ്ച ദിവസം ടൈംടേബിൾ 8 പീരിയഡായി പുന:ക്രമീകരിച്ച് ഒരു അധിക പീരിയഡ് കണ്ടെത്തുവാനും അന്നേ ദിവസം ഉച്ചവരെ 40 മിനിട്ടിന്റെ 4 പീരിയഡുകളും ഉച്ചക്കുശേഷം 35 മിനിട്ടിന്റെ 4 പീരിഡുകളുമായി പഠനസമയം പുന:ക്രമീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അറബിക്/

(..................3)

സംസ്കൃതം ഓറിയന്റൽ സ്ക്കൂളുകളിൽ മലയാളത്തിനായി 3 പീരിഡുകൾ കണ്ടെത്താനും ഇതിനായി ചൊവ്വ, ബുധൻ, വ്യാഴം എന്നീ ദിവസങ്ങളിൽ ടൈംടേബിൾ 3 പീരിയഡായി പുന: ക്രമീകരിച്ച് ദിവസം ഒന്ന് വീതം മൂന്ന് പീരിയഡുകൾ മാറ്റി വയ്ക്കുവാനും ഉത്തരവായിട്ടുണ്ട്. ഈ ദിവസങ്ങളിൽ ഉച്ചവരെ 40 മിനിട്ടിന്റെ 4 പീരിയഡുകളും ഉച്ചയ്ക്കു ശേഷം 35 മിനിട്ടിന്റെ 4 പീരിയഡുകളുമായി പഠനസമയം ക്രമീകരിക്കുന്നതിന് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

Sindhu
സെക്ഷൻ ഓഫീസർ